# വളയം മൂസ മുതൽ പരുത്തൂർ വിജയൻ വരെ

പ്രമോദ് സുബ്രഹ്മണ്യൻ

മണൽ സൃഷ്ടിച്ച, തൃശ്ശൂർ ജില്ലയിലെ ദേശമംഗലത്തെ ഒരു മുതലാളിയാണ് വളയം മൂസ. ഒന്നുമില്ലായ്മയിൽ നിന്ന് വളയം എന്ന പേരുള്ള ആറു ലോറികളിലേക്ക് വളർന്ന മൂസ ഇപ്പോൾ ലോറികളുടെ പേര് മാറ്റുകയാണ്. സൂപ്പർമാൻ, സിൻഡിക്കേറ്റ്, .......

"വളയം എന്ന പേര് കാണുമ്പോഴേക്കും പോലീസും മറ്റുദ്യോഗസ്ഥരുമെല്ലാം തടഞ്ഞ് പിരിവ് നടത്തുകയാണ്. ഇനി പേര് മാറ്റുകയേ മൂസയ്ക്ക് രക്ഷയുള്ളൂ." നാട്ടുകാർ പറയുന്നു. മൂസക്ക് പോലീസ് സ്റ്റേഷനുകളിലും അധികാരസ്ഥാപനങ്ങളിലും ഏജന്റുമാരുണ്ട്. അനധികൃതമായി മണൽ ശേഖരിക്കാനും കടത്താനും എന്തിനും പോന്ന ഗുണ്ടാ സംഘവുമുണ്ട്. പക്ഷെ മണലിലൂടെ ലക്ഷങ്ങൾ വരുന്നു എന്നറിഞ്ഞതോടെ പിരിവു കൂടി.

മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിലാണ് തസ്കി സലാമിന്റെ കേന്ദ്രം. കുറ്റിപ്പുറം പ്രദേശത്തെ ഏറ്റവും വലിയ മണൽ മാഫിയ സംഘങ്ങളിലൊന്നാണ് സലാമിന്റേത്. തസ്കി എന്ന പേരിൽ 10ൽ താഴെ ലോറികളുണ്ട് സലാമിന്. അത് കൂടാതെ അനധികൃത മണൽ ശേഖരണത്തിനായി വലിയൊരു സംഘവും. സലാമും വളർന്നത് മൂസയുടെ വഴിയിലൂടെ തന്നെ.

തൃത്താലയിലെ മണൽ ലോബിയുടെ പ്രവർത്തനകേന്ദ്രം പി. കദീജ എന്ന സ്ത്രീയാണ്. തൃത്താല പഞ്ചായത്തോഫീസിനും പോലീസ് സ്റ്റേഷനുമൊക്കെ ഏറെ അകലെയല്ലാതെയാണ് കദീജയുടെ വീട്. പകൽ മുഴുവൻ തമിഴ് സ്ത്രീകളെയും കുട്ടികളെയും കൊണ്ട് പുഴയിൽ നിന്ന് മണൽ കോരിച്ച് പറമ്പിൽ നിറക്കും. പിന്നെ ആവശ്യത്തിനനുസരിച്ച് വിൽപ്പനയും വിതരണവും.

പരുതൂർ വിജയനാണ് തൃത്താലയിലെ മറ്റൊരു ഏജന്റ്. പള്ളിപ്പുറം പഞ്ചായത്തിൽപ്പെട്ട പരുതൂർ എന്ന സ്വന്തം സ്ഥലത്തെ മണലെടുപ്പ് സർക്കാർ തടഞ്ഞതോടെയാണ് വിജയൻ തൃത്താലയിലേക്ക് കേന്ദ്രം മാറ്റുന്നത്.

ഇതുപോലെ ചെറുതും വലുതുമായ ഒട്ടേറെ സംഘങ്ങളാണ് ഇന്ന് നിളാ തീര പ്രദേശങ്ങൾ അടക്കി വാഴുന്നത്. തല്ലാനും കൊല്ലാനും വരെ മടിയില്ലാത്ത ഇവർക്ക് തുണയായി പലയിടത്തും പോലീസും, റവന്യൂ - മൈനിങ്ങ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റുകളും രാഷ്ട്രീയക്കാരും.



**നിരോധനം മുറുകുന്നു, മണൽ മാഫിയ വളരുന്നു 3**

## ഭീതിയുടെ നിഴലിൽ

"ഞാൻ മണലിനെക്കുറിച്ച് ഒന്നുമെഴുതാറില്ല. ജോലി കരാർ അടിസ്ഥാനത്തിലാണ് എന്ന്. വേണമെങ്കിൽ പോകാം. അപ്പോൾ പിന്നെ ശരീരം കൊണ്ടും ഗുണമില്ലാതായാൽ". ഒരു പ്രമുഖ പത്രത്തിന്റെ പട്ടാമ്പിയിലെ പ്രാദേശിക ലേഖകൻ പറയുന്നു. അനധികൃത മണൽ വാരുന്ന വാർത്തയെങ്ങാനും പത്രത്തിൽ കൊടുത്താൽ പിന്നെ ഭീഷണിപ്പെടുത്തുന്ന ഫോൺ വിളികളുടെ പ്രവാഹമാണ്, പ്രാദേശിക ലേഖകർക്ക്. മനോരമയുടെ കുറ്റിപ്പുറം ലേഖകനായ പ്രസാദിനെ മണൽ വാരൽ സംബന്ധിച്ച വാർത്ത കൊടുത്തു എന്ന കാരണത്താൽ 50ൽ പരം വരുന്ന സംഘമാണ് മാരകായുധങ്ങളുമായി തടഞ്ഞുവെച്ചത്.

രാങ്ങാട്ടൂർ കടവിലേക്ക് സുഹൃത്തിനെ അന്വേഷിച്ച ചെന്ന കുറ്റിപ്പുറത്തുകാരൻ വിരുത്തുള്ളി റഫീക്കിനെ പത്രപ്രവർത്തകനെന്ന് തെറ്റിദ്ധരിച്ച് മണൽ സംഘം ആക്രമിച്ചത് മൂന്ന് മാസം മുമ്പാണ്. അനധികൃത മണൽ വാരലിന്റെ ഫോട്ടോ എടുക്കാൻ ചെന്ന ഫ്രീലാൻസ് ഫോട്ടോഗ്രാഫറും മലപ്പുറം ജില്ലാ പരിസ്ഥിതി സംഘം കോർഡിനേറ്ററുമായ എം.പി.എ. ലത്തീഫിനെ മണൽ ലോബി ആക്രമിച്ച് പരിക്കേൽപ്പിച്ചിരുന്നു. ഡിസ്ക് തെറ്റിയ ലത്തീഫ് ഇപ്പോഴും ചികിത്സയിലാണ്. പുഴയെക്കുറിച്ച് ഫീച്ചർ ചെയ്യാനായി ഫോട്ടോഗ്രാഫറോടൊപ്പം എത്തിയ മാതൃഭൂമി സബ്ബ് എഡിറ്റർ സി. നാരായണനും ഭീതിതമായ അനുഭവമാണുണ്ടായത്. മാധ്യമപ്രവർത്തകരുടെ പോലും സ്ഥിതി ഇതാണെങ്കിൽ പിന്നെ സാധാരണക്കാരുടെ കാര്യം പറയാനില്ലല്ലോ?

പുഴയോരത്തുള്ള പരിസ്ഥിതി സംഘടനകളും പുഴടെ സ്നേഹിക്കുന്ന വ്യക്തികളും നിശബ്ദരായതിനു പിറകിൽ മണൽ ലോബിയുടെ നിരന്തരമായ ഭീഷണികൾ തന്നെയാണ്. അനധികൃത മണൽ വാരലി

ശേഷം പേജ് 4

# വളയം മൂസ മുതൽ പരുളൂർ വിജയൻ വരെ

1-ാം പേജ് തുടർച്ച

നെതിരെ ശബ്ദമുയർത്തിയ കറ്റിപ്പുറം പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായ പി.കെ. മാമതിനെ നഗരത്തിൽ വെച്ചാണ് രാത്രി മണൽ ലോബി അക്രമിക്കാനായി ഓടിച്ചത്.

മണലിന് ബദലുണ്ടാക

കുടിവെള്ളത്തിനോ

പേജ് | 6